II ഇ.ബി. XIII-കേരള നിയമസഭ/XII-2

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 2, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

3 (*31) സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ലെന്നും ബഡ്ജറ്റിൽ വിഭാവന ചെയ്ത തരത്തിൽ സംസ്ഥാന നികുതി വരവിലും, കേന്ദ്ര നികുതി വിഹിതത്തിലെ കുറവ് മൂലം റവന്യൂ വരവിലും പ്രതീക്ഷിച്ചത്ര വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് കുറവു വരാതെ നിലനിർത്തിയതുമൂലം സാമ്പത്തിക ഞെരുക്കം ഉണ്ടാകാൻ

കാരണമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവസംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുകയും ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള 12741 കോടി രൂപയുടെ നികുതി കുടിശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുകയും നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിക്കുകയും സ്റ്റേ അനുവദിക്കുന്ന കാര്യത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളിലൊഴികെ നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനും വിവിധ

വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മന്ത്രിമാരുടെ ശമ്പളത്തിൽ 20 ശതമാനം കുറവ് വരുത്തൽ; പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിലും നിയന്ത്രണം ഏർപ്പെടുത്തൽ; അധികമാണെന്ന് കണ്ടെത്തിയ താൽക്കാലിക തസ്തികകൾ ഘട്ടംഘട്ടമായി നിറുത്തലാക്കൽ; പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണമേർപ്പെടുത്തൽ; സർക്കാർ ആഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷണറി എന്നിവയുടെ ഉപയോഗം നിയന്ത്രിക്കൽ എന്നീ നടപടികളിലൂടെ ചെലവ് ചുരുക്കൽ പ്രാവർത്തികമാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മുൻകാല ഉത്തരവുകൾ കർശനമായി പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പൊതുവിപണിയിൽ നിന്നും കടപ്പത്രം മുഖേന 42,663 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ട്രഷറി നിയന്ത്രണം ഒഴിവാക്കുന്നതിനും 2014 ആഗസ്റ്റ് മാസം വരെയുള്ള ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

4 (*32) <u>ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നടപ്പുസാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് സമാഹരിക്കാൻ കഴിയുന്ന വിഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള പദ്ധതി പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്നും വിഭാവന ചെയ്തിട്ടുള്ള ഒട്ടുമിക്ക പദ്ധതികളും വിവിധ നിർവ്വഹണഘട്ടങ്ങളിലാണെന്നും സാങ്കേതികവും ഭരണപരവുമായ നൂലാമാലകൾ ഒഴിവാക്കി പദ്ധതിപ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതാണെന്നും സഭയെ അറിയിച്ചു. നികുതി/നികുതിയേതര വരുമാന നിരക്ക് പരിഷ്ക്കരിക്കൽ; റവന്യൂ കുടിശിക പിരിച്ചെടുക്കൽ; നികുതി ചോർച്ച തടയൽ എന്നീ നടപടികളിലൂടെ അധിക വിഭവ സമാഹരണ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടും അനുവദനീയ പരിധിയിൽ വായ്പകളെടുത്തും വിവിധ സ്രോതസ്സുകളിലൂടെയുള്ള വരുമാനം വർദ്ധിപ്പിച്ചും വികസനേതര ചെലവുകൾ നിയന്ത്രിച്ചും സംസ്ഥാന വരുമാനം മെച്ചപ്പെടുത്തി പ്രഖ്യാപിത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. സാമ്പത്തിക മാന്ദ്യവും കേന്ദ്രനികുതി വരുമാന വിഹിതത്തിൽ ഉണ്ടായിട്ടുള്ള കുറവും റവന്യൂ വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. നടപ്പുവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളുടെ മുൻഗണനാക്രമം പുനഃക്രമീകരിച്ചും അതിന്റെ

അടിസ്ഥാനത്തിൽ നിലവിലുള്ള പദ്ധതിവിഹിതങ്ങളുടെ ധന പുന:ക്രമീകരണത്തിലൂടെ ആവശ്യമായ തുക കണ്ടെത്തിയും പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയുമാണ് മിഷൻ 676 പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. നിയമസഭാ സാമാജികരുടെ ആസ്തി വികസന ഫണ്ടിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുകയും ഇത്തരം പദ്ധതികളുടെ ബിൽ മാറിനൽകുന്നതിന് മുൻഗണന നൽകുകയും ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്. പ്രവാസി നിക്ഷേപം പ്രൊഡക്റ്റീവ് പർപ്പസിനായി വിനിയോഗിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്ന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും ഗവൺമെന്റ് ഗ്യാരന്റിയിന്മേൽ പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത് കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ കുടിശിക കൊടുത്തുതീർക്കുന്നതിന് ശ്രമം നടത്തിവരികയാണെന്ന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

5 (*33) <u>പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠന നിലവാരം</u>

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, പട്ടികവർഗ്ഗ

വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് വിഹിതത്തിന്റെ അൻപതുശതമാനത്തോളം തുക നീക്കിവയ്ക്കുന്നുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം ടി ആവശ്യത്തിലേക്ക് പ്ലാൻ ശീർഷകത്തിൽ 128.50 കോടി രൂപയും, നോൺപ്ലാൻ ശീർഷകത്തിൽ 50.9276 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വരുമാനപരിധി പരിഗണിക്കാതെ ലംപ്സം ഗ്രാന്റും, മാസംതോറും സ്റ്റൈപ്പന്റും അനുവദിച്ച് വരുന്നുണ്ട്. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി 15 മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, 2 ഏകലവ്യ സ്കൂളുകൾ, ഒരു പ്രത്യേക സി.ബി.എസ്.ഇ മാതൃകാ സ്കൂൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ അവകാശ നിയമം പരിപാലിക്കുന്നതിന്റെ ഭാഗമായി ദുർഘടവും, ഒറ്റപ്പെട്ടതും, വന്യമൃഗ ഭീഷണിയുള്ളതുമായ സങ്കേതങ്ങളിലെ കുട്ടികളെ സ്കൂളിലേക്കും തിരിച്ച് വീട്ടിലേക്കും കൊണ്ടുപോകുന്നതിന് യാത്രാസൗകര്യം ഒരുക്കുന്ന 'ഗോത്രസാരഥി' പദ്ധതിയും, 107 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, 13 നഴ്സറി സ്കൂളുകൾ, 16

പെരിപ്പതറ്റിക് സ്കൂളുകൾ, 29 ഏകാധ്യാപക സ്കൂളുകൾ, 3 ബാലവിജ്ഞാന കേന്ദ്രങ്ങൾ, 25 കിന്റർ ഗാർട്ടനുകൾ എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്. ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ, അന്തർമുഖ സ്വഭാവം എന്നിവ പരിഹരിക്കുന്നതിനായി സ്റ്റുഡന്റ്സ് കൗൺസിലേഴ്സ് പ്രവർത്തിച്ചു വരുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠന സാമഗ്രികൾ എന്നിവയും 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇൻസെന്റീവ് ഗ്രാന്റും നൽകിവരുന്നു. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന അവാർഡ്, കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് 'സർഗ്ഗോത്സവം', സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള സഹായം, തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'ഭാരത ദർശനം', അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസം മുൻനിർത്തി 'കൈത്താങ്ങ്' പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നതിനുപുറമേ വിവിധ തൊഴിൽ പരിശീലനങ്ങളും, തൊഴിൽ ഉപകരണ കിറ്റുകളും നൽകിവരുന്നുണ്ട്. കൂടാതെ സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി

സ്പെഷ്യൽ ട്യൂഷൻ പദ്ധതി നടപ്പാക്കി വരുന്നു. പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 5000 രൂപ വീതം നൽകിവരുന്നു. 2008-ൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടത്തിയ സർവ്വേയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 36.73 ശതമാനം കുട്ടികൾ സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോകുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 'ഗോത്രസാരഥി' പദ്ധതി നടപ്പിലാക്കി കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി, പി.ജി. പരീക്ഷകളിൽ 60 ശതമാനത്തിലധികം മാർക്ക് കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന അവാർഡ് നൽകിവരുന്നതായി ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 341 മുതൽ 707 വരെയുള്ള ചോദ്യങ്ങളിൽ 211 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)